## പതിമൂന്നാം കേരളനിയമസഭ

### ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.3490 — 21.12.2012-ൽ മറുപടിക്ക്.

### ജനകീയാസൂത്രണ പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ഡോ.കെ.ടി.ജലീൽ | | ഡോ.എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി) |
| (എ) | ജനകീയാസൂത്രണ പദ്ധതി പ്രകാരം ഒരു പഞ്ചായത്ത് വാർഡിൽ ഒരു പദ്ധതി നടപ്പാക്കുമ്പോൾ പദ്ധതി പ്രദേശവും ഭൂരിഭാഗം ഗുണഭോക്താക്കളും ഉൾപ്പെടുന്ന വാർഡിനെയാണോ ഫീസിബിലിറ്റി നൽകുമ്പോൾ പരിഗണിക്കേണ്ടത് എന്ന് വ്യക്തമാക്കാമോ; | (എ) | പദ്ധതി ഏത് വാർഡിലാണോ നടപ്പിലാക്കുന്നത് സ്വാഭാവികമായും ഗുണഭോക്തൃ പ്രദേശം അതുതന്നെ ആയിരിക്കുമെന്നതിനാൽ ഫീസിബിലിറ്റി നൽകുമ്പോൾ പരിഗണിക്കുന്നത് പ്രസ്തുത വാർഡ് തന്നെയാണ്. ജനകീയാസൂത്രണ പ്രകാരം ഒരു ഗ്രാമപഞ്ചായത്തിൽ പൊതുവിഭാഗം പദ്ധതി തെരഞ്ഞെടുക്കുന്നത് ആവശ്യങ്ങളുടെ അനിവാര്യതയും ഗ്രാമസഭ നിർദ്ദേശങ്ങളും പരിഗണിച്ചാണ്. പട്ടികജാതി, പൊതു പ്രോജക്ടുകളുടെ ഗുണഭോക്താക്കളിൽ 50% ത്തിലധികം കുടുംബങ്ങൾ പട്ടികജാതി വിഭാഗക്കാർ ആണെങ്കിൽ മാത്രമേ പ്രോജക്ടുകൾക്ക് ഫീസിബിലിറ്റി നൽകാറുള്ളു. |
| (ബി) | ഇത്തരം പദ്ധതികൾ നടപ്പിലാക്കുന്നതിനുവേണ്ടി ഗുണഭോക്തൃ കമ്മിറ്റിയും നിർമ്മാണ കമ്മിറ്റിയും വിളിച്ച് ചേർക്കുമ്പോൾ പദ്ധതി പ്രദേശത്തെ വാർഡ് മെമ്പറെ വിവരം അറിയിക്കണമെന്ന നിബന്ധന നിലവിലുണ്ടോ; | (ബി) | 1994 ലെ കേരള പഞ്ചായത്ത് രാജ് (പൊതു മരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ 13(2) ചട്ടപ്രകാരം പൊതു മരാമത്ത് പണി നടപ്പാക്കുന്നതുമൂലം പ്രയോജനം ലഭിക്കുന്ന ജനങ്ങളുടെ ഒരു യോഗം എല്ലാ ഗുണഭോക്താക്കൾക്കും നോട്ടീസ് നൽകികൊണ്ട് നിർവ്വഹണ ഉദ്യോഗസ്ഥൻ വിളിച്ച് ചേർക്കേണ്ടതും പ്രസ്തുത യോഗത്തിൽ പ്രസ്തുത പ്രദേശത്തെ പഞ്ചായത്ത് അംഗം ആദ്ധ്യക്ഷം വഹിക്കേണ്ടതുമാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. |
| (സി) | എങ്കിൽ ഇത്തരം പദ്ധതികളിൽ അപാകതയുള്ളതായി പരാതി ലഭിച്ചാൽ നടപടി സ്വീകരിക്കുമോ? | (സി) | പദ്ധതികളിലെ അപാകതകളിൽ നിയമപരമായ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ